**ക്രമപ്രശ്നം**

**മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകൾ സംബന്ധിച്ച്**

<u>ശ്രീ. വി. ഡി. സതീശൻ</u>: 28.02.2017-ന് സഭയുടെ മേശപ്പുറത്ത് വച്ച ചില വാർഷിക ഭരണറിപ്പോർട്ടുകൾ നിയമാനുസൃതം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണോ എന്ന് പരിശോധിക്കണമെന്നാണ് റൂൾ 303 പ്രകാരം ആവശ്യപ്പെടുന്നത്. സാധാരണ കമ്പനീസ് ആക്ട് പ്രകാരം രൂപീകരിച്ചതോ സഭ പാസ്സാക്കിയ പ്രത്യേക നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചതോ ആയ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ മറ്റ് സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളുടെയോ ഭരണ റിപ്പോർട്ടുകൾ, വാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റ് അക്കൗണ്ട്സ് റിപ്പോർട്ടുകൾ എന്നിവ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുണ്ട്. അല്ലാത്ത കുറേ റിപ്പോർട്ടുകളും ഇവിടെ വരുന്നുണ്ട്, അത് അംഗങ്ങളുടെ അറിവിലേയ്ക്കായി മാത്രം തരുന്ന റിപ്പോർട്ടുകളാണ്. ഇവിടെ ആ റിപ്പോർട്ടുകൾ കൂടി മേശപ്പുറത്ത് വയ്ക്കപ്പെട്ടിരിക്കുകയാണ്. ഭരണഘടനാപരമായ റൂൾസ് ഓഫ് പ്രൊസീഡ്യൂവറിലുള്ള കാര്യങ്ങൾ മാത്രമാണ് മേശപ്പുറത്ത് വയ്ക്കേണ്ടത്. അതിന്റെ കൂടെ മറ്റു കാര്യങ്ങൾ വയ്ക്കുന്നതോടുകൂടി അതിന്റെ sanctity ഇല്ലാതാകും. 28.02.2017-ൽ വച്ച പത്ത് കാര്യങ്ങൾ യാതൊരു കാരണവശാലും

സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതല്ലാത്ത കാര്യങ്ങളാണ്. ഏതെങ്കിലും നിയമത്തിന്റെ പിൻബലത്തിലല്ല മേൽപ്പറഞ്ഞ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വച്ചിരിക്കുന്നത്. അംഗങ്ങളുടെ അറിവിലേയ്ക്കായി വിതരണം ചെയ്യപ്പെട്ട മേൽപ്പറഞ്ഞ രൂപത്തിലുള്ള റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് നിയമപ്രകാരമല്ല, അതിന് ഒരു നിയമത്തിന്റെ പിൻബലവുമില്ല. അത് അങ്ങ് പരിശോധിക്കപ്പെടണമെന്നാണ് ഞാൻ ആവശ്യപ്പെട്ടത്.

## റൂളിംഗ്

### മേശപ്പുറത്തു വയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച്

മി. സ്പീക്കർ : പാർലമെന്റും സംസ്ഥാന നിയമസഭയും പാസ്സാക്കിയ നിയമങ്ങൾ പ്രകാരവും മറ്റ് സ്റ്റാറ്റ്യൂട്ടുകൾ പ്രകാരവും നിയമസഭയുടെ മേശപ്പുറത്ത് നിരവധി രേഖകൾ വയ്ക്കുന്നുണ്ട്. കൂടാതെ കീഴ്വഴക്കമെന്ന നിലയിലും Practice and Procedure of Parliament by M.N. Kaul and S.L. Shakdhar എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും ചില രേഖകൾ സഭയുടെ മേശപ്പുറത്ത് വച്ചുവരുന്നതായി കാണുന്നു. അതോടൊപ്പം നമ്മുടെ സഭയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്ന "നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി" മുൻകാലങ്ങളിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ

ഉൾക്കൊള്ളിച്ചിരുന്ന ശിപാർശകളുടെ അടിസ്ഥാനത്തിലും രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നുണ്ട്.

ഇപ്രകാരം സഭയിൽ സമർപ്പിക്കപ്പെടുന്ന നല്ലൊരു ശതമാനം രേഖകളും അംഗങ്ങളുടെ അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്താൽ മതിയാകുന്നതാണെന്നും ചട്ടപ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടവയല്ലെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി.സതീശൻ ഉന്നയിച്ചത്. ഈ വിഷയം ഇതിനുമുമ്പുതന്നെ ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നതാണ്. ഇക്കാര്യം സമഗ്രമായി പരിശോധിച്ച് സഭാചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടോ എന്ന കാര്യവും ചെയറിന്റെ പരിഗണനയിലുണ്ട്. അതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് ഒരു അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.